'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26 - പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് - 2021-22 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി വനിതകൾക്ക് ഇ ഓട്ടോ എന്ന പദ്ധതിയ്ക്കായി വികസന ഫണ്ട് (എസ്.സി.എസ്.പി) വിഭാഗത്തിൽ നിന്നും ഗുണഭോക്താവിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ സബ്സിഡി തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.4526/2025/ധന — തീയതി, തിരുവനന്തപുരം, 20-05-2025

---

പരാമർശം : 1. 13/02/2025 തീയതിയിലെ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/3029/2025-DPLC1 നം. കത്ത്

2. 15/10/2024 തീയതിയിലെ പള്ളിക്കത്തോട് സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

**ഉത്തരവ്**

2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി വനിതകൾക്ക് ഇ ഓട്ടോ എന്ന പദ്ധതിയുടെ ഗുണഭോക്താവിന് സബ്സിഡിയിനത്തിൽ നൽകുന്നതിനായി വികസന ഫണ്ട് (എസ് സി എസ് പി) വിഭാഗത്തിൽ നിന്നും അനുവദിച്ചതും അക്കൗണ്ട് നമ്പറിലെ പിശക് കാരണം ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ ₹70,000/- പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം സർക്കാരിന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സൂചന (2) ലെ പള്ളിക്കത്തോട് സബ് ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെയും, സൂചന (3) ലെ സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ, 2021-22 ലെ വാർഷിക പദ്ധതിയിൽ

ഉൾപ്പെടുത്തി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി വനിതകൾക്ക് ഇ ഓട്ടോ എന്ന പദ്ധതിയുടെ ഗുണഭോക്താവിന് സബ്സിഡിയിനത്തിൽ നൽകുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിലെ വികസന ഫണ്ടിന്റെ 3604-00-200-81-09-35-00-NV (എസ് സി പി) ശീർഷകത്തിൽ നിന്നും പാമ്പാടി ബ്ലോക്ക് പഞ്ചായത്തിന് (B050700) ₹70,000/- (എഴുപതിനായിരം രൂപ മാത്രം) പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**

**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3085089)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ